പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1801 12.06.2019-ലെ മറുപടിക്ക്

# വൈദ്യുതബസ്സുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. വൈദ്യുത ബസ്സ് വാടകയ്ക്കെടുത്ത് സർവ്വീസ് നടത്തുന്നുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | നിലവിൽ എത്ര വൈദ്യുത ബസ്സുകളാണ് സർവ്വീസ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പത്ത് ബസ്സുകൾ. |
| (സി) | പ്രസ്തുത ബസ്സ് സർവ്വീസ് ലാഭകരമാണോ; വിശദാംശം നൽകുമോ; | (സി) | നിലവിൽ ഇലക്ട്രിക് ബസ്സുകൾ ലാഭകരമല്ല. അന്തരീക്ഷ മലിനീകരണം വളരെയധികം രൂക്ഷമായ നിലവിലെ സാഹചര്യത്തിൽ ബദൽ മാർഗ്ഗമെന്ന രീതിയിൽ പരിസ്ഥിതിക്ക് ഇണങ്ങുന്ന രീതിയിൽ തുടക്കം കുറിച്ച സർവ്വീസുകളാണ് സി.എൻ.ജി - ഇലക്ട്രിക് ബസ്സുകൾ. ആയത് ശബ്ദമലിനീകരണവും, വായു മലിനീകരണവും കുറയ്ക്കുന്നതിന് വളരെയധികം സഹായകമായിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം കൂടുതൽ വ്യാപകമാക്കുന്നതിനും സഹായിച്ചിട്ടുണ്ട്. |
| (ഡി) | വൈദ്യുതബസ്സിന്റെ ആദ്യത്തെ ദീർഘദൂരയാത്രയിൽ തന്നെ ചാർജ്ജ് തീർന്ന് വഴിയിൽ കിടക്കേണ്ട അവസ്ഥ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ എന്തെല്ലാം മുൻകരുതലുകളാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്.<br><br>തിരുവനന്തപുരത്തും എറണാകുളത്തും ഇലക്ട്രിക് ബസ്സുകൾ ചാർജ് ചെയ്യുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഗതാഗതകുരുക്ക് മൂലമുണ്ടാകുന്ന പ്രത്യേക സാഹചര്യങ്ങൾ നേരിടുന്നതിനും ആവശ്യമെങ്കിൽ ചാർജ് ചെയ്യുന്നതിനുമായി ഹരിപ്പാട് ബസ് ഡിപ്പോയിൽ സൗകര്യം ഒരുക്കിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**